

# മലയാളം

ഭാരതത്തിൽ ര ു ഭാഷാഗോത്രങ്ങളു ്. ഇന്തോ-ആര്യൻ (ഇന്തോ-യൂറോപ്യൻ), ദ്രാവിഡം. ഉത്തരേന്ത്യൻ ഭാഷകളായ സംസ്കൃതം, ഹിന്ദി, ഗുജറാത്തി, മറാത്തി മുതലായവ ഇന്തോ-ആര്യൻ ഗോത്രത്തിലും ദക്ഷിണേന്ത്യൻ ഭാഷകളായ മലയാളം, തമിഴ്, തെലുങ്ക്, കന്നട മുതലായവ ദ്രാവിഡ ഗോത്രത്തിലും ഉൾപ്പെടുന്നു. ഇവ കൂടാതെ തുളു, കൊങ്കിണി, കുടക്, ബ്രാഹുയി, തോദ, കൊലാമി, പർജി, കുയി, കുറുവ്, മാൽടോ തുടങ്ങി പതിനാറിൽപരം ഭാഷകൾ ദ്രാവിഡ ഗോത്രത്തിലു ്.

ഇവയിൽ മലയാളം, തമിഴ്, തെലുങ്ക്, കന്നട, തുളു എന്നീ ഭാഷകൾ പഞ്ചദ്രാവിഡം എന്നറിയപ്പെടുന്നു.

ദക്ഷിണേന്ത്യൻ ഭാഷകൾക്ക് ദ്രാവിഡം എന്ന പേരു നൽകിയത് ഡോ. കാൽഡ്വൻ ആണ്. ദ്രാവിഡ ഭാഷകളിൽ ഏറ്റവും പ്രാചീനമായത് തമിഴാണ്. മൂലദ്രാവിഡ ഭാഷയിൽ നിന്നു അവസാനം വേർതിരിഞ്ഞ ഭാഷയാണ് മലയാളം.

**അക്ഷരമാല**


അലയാളത്തിലെ അക്ഷരമാലയിൽ സ്വരങ്ങൾ, വ്യഞ്ജനങ്ങൾ എന്നു ര ുവിഭാഗമു ്.

**സ്വരങ്ങൾ**

സ്വയം ഉച്ചാരണക്ഷമമായ അക്ഷരങ്ങളാണ് സ്വരങ്ങൾ. സ്വരാക്ഷരം ഉച്ചരിക്കുവാൻ എടുക്കുന്ന സമയത്തെ മാത്ര എന്നു പറയുന്നു. ഒരു മാത്രകൊ ് ഉച്ചരിക്കുന്ന സ്വരം ഹ്രസ്വം. ര ുമാത്ര കൊ ് ഉച്ചരിക്കുന്ന സ്വരം ദീർഘം.

| ഹ്രസ്വം | ദീർഘം |
|---|---|
| അ | ആ |
| ഇ | ഈ |
| ഉ | ഊ |
| ഋ | |
| എ | ഏ. ഐ |
| ഒ | ഓ, ഔ |

ര ു സ്വരങ്ങളുടെ സംസർഗം മൂലം ഉ ായ സ്വരങ്ങളെ സന്ധ്യക്ഷരങ്ങൾ എന്നും മറ്റുള്ളവയെ സമാനാക്ഷരങ്ങൾ എന്നും പറയുന്നു.




| സമാനാക്ഷരം | സന്ധ്യക്ഷരം |
|---|---|
| അ | എ |
| ആ | ഏ |
| ഇ | ഐ |
| ഈ | ഒ |
| ഉ | ഓ |
| ഊ | ഔ |

അം(ം), അഃ (ഃ) എന്നിവയ്ക്ക് യഥാക്രമം അനുസ്വാരം, വിസർഗം എന്നാണ് പേര്. ഉച്ചാരണത്തിൽ അനുസ്വാരത്തിന് 'മ' കാരത്തോടും വിസർഗത്തിന് 'ഹ'കാരത്തോടും സാദൃശ്യമു ്.

**വ്യഞ്ജനങ്ങൾ**

സ്വരസഹായത്തോടെ ഉച്ചരിക്കുന്ന അക്ഷരങ്ങളാണ് വ്യഞ്ജനങ്ങൾ. ഉച്ചരിക്കുമ്പോൾ ധ്വനി പുറപ്പെടുന്ന സ്ഥാനത്തെ ആധാരമാക്കി വ്യഞ്ജനാക്ഷരങ്ങളെ കണ്ഠ്യം, താലവ്യം, ഓഷ്ട്യം, മൂർധന്യം, ദന്ത്യം എന്നിങ്ങനെ തിരിക്കുന്നു. 'ക' മുതൽ 'പ' വരെയുള്ള ഒന്നാമത്തെ വിഭാഗം വ്യഞ്ജനങ്ങൾ ഖരം, ര ാമത്തേത് അതിഖരം, മൂന്നാമത്തേത് മൃദു, നാലാമത്തേത് ഘോഷം, അഞ്ചാമത്തേത് അനുനാസികം എന്നിങ്ങനെ അറിയപ്പെടുന്നു.

| | ഖരം | അതിഖരം | മൃദു | ഘോഷം | അനുനാസികം | - |
|---|---|---|---|---|---|---|
| കവർഗം | ക | ഖ | ഗ | ഘ | ങ | കണ്ഠ്യം |
| ചവർഗം | ച | ഛ | ജ | ഝ | ഞ | താലവ്യം |
| ടവർഗം | ട | ഠ | ഡ | ഢ | ണ | മൂർധന്യം |
| തവർഗം | ത | ഥ | ദ | ധ | അ | ദന്ത്യം |
| പവർഗം | പ | ഫ | ബ | ഭ | അ | ഓഷ്ട്യം |
| | യ | ര | ല | വ | മധ്യമങ്ങൾ | |
| | ശ | ഷ | സ | -- | ഊഷ്ടാക്കൾ | |
| | ഹ | -- | -- | -- | ഘോഷി | |
| | ള | ഴ | റ | -- | ദ്രാവിഡ മധ്യമങ്ങൾ | |



**വർണം; അക്ഷരം**

പിരിക്കുവാൻ കഴിയാത്ത ഏറ്റവും ചെറിയ ധ്വനിയാണ് വർണം. സ്വരങ്ങളും സ്വരം ചേർന്ന വ്യഞ്ജനങ്ങളും ആണ് അക്ഷരങ്ങൾ.

സ്വരങ്ങൾ ഒരേസമയം വർണങ്ങളും അക്ഷരങ്ങളുമാണ്.

| **വർണം** | **അക്ഷരം** |
|---|---|
| അ | അ |
| ക്+അ | ക |
| പ്+ഉ | പു |

അക്ഷരം എഴുതാൻ ഉപയോഗിക്കുന്ന സാങ്കേതിക രൂപമാണ് ലിപി.

**ശബ്ദം : പദം**

അർത്ഥയുക്തമായ അക്ഷരമോ അക്ഷരസമൂഹമോ ആണ് ശബ്ദം. ശബ്ദത്തിന് പകൃതി എന്നും പേരു ്. വാക്യപ്രയോഗാർഹമായ ശബ്ദമാണ് പദം. പ്രത്യയാദികൾ ചേർത്താണ് ശബ്ദത്തെ പദ മാക്കുന്നത്.


| **ശബ്ദം** | **പദം** |
|---|---|
| ചെറു | ചെറുപ്പം |
| വര് | വരുന്നു |
| തര് | തരും |

**ചില്ലുകൾ**

സ്വരസഹായമില്ലാതെ സ്വതന്ത്രമായി നിൽക്കുന്ന വ്യഞ്ജനങ്ങളാണ് ചില്ലുകൾ. ർ, ൾ, ൽ, ൺ, ൻ എന്നിവയാണ് ചില്ലുകൾ. സ്വരസഹായമില്ലാതെ ഉച്ചരിക്കാവുന്നതിനാൽ ചില്ലുകൾ സ്വരീകൃത വ്യഞ്ജനങ്ങൾ എന്നറിയപ്പെടുന്നു.

**ചുട്ടെഴുത്തുകൾ**

ചൂ ുന്ന എഴുത്ത് - ചുട്ടെഴുത്ത് എന്നർത്ഥം. ചൂ ിപ്പറയുവാൻ ഉപയോഗിക്കുന്ന സർവനാമങ്ങ ളായ (മൂലസ്വരങ്ങളായ) ആ, ഇ, എ എന്നിവയാണ് മലയാളത്തിലെ ചുട്ടെഴുത്തുകൾ. 'അ' അക ലെയുള്ളതിനെയും 'ഇ' സമീപമുള്ളതിനെയും പരാമർശിക്കുന്നു. 'എ' ചോദ്യപരാമർശിയാണ്.



**നാമം**

ദ്രവ്യം, ക്രിയ, ഗുണം എന്നിവയുടെ പേരായ ശബ്ദമാണ് നാമം. ദ്രവ്യത്തിന്റെ പേരായ ശബ്ദത്തെ ദ്രവ്യനാമമെന്നും ക്രിയയുടെ പേരായ ശബ്ദത്തെ ക്രിയാനാമമെന്നും ഗുണത്തിന്റെ പേരായ ശബ്ദത്തെ ഗുണനാമമെന്നും പറയുന്നു.

1. **ദ്രവ്യനാമം:** മല, മരം, നദി, പുസ്തകം, മനുഷ്യൻ, വെള്ളം, മണ്ണ്, രാമൻ.
2. **ക്രിയാനാമം:** ഓട്ടം, നടപ്പ്, പഠിത്തം, ഉറക്കം, നോട്ടം, വരവ്.
3. ***ഗുണനാമം:*** വെളുപ്പ്, മധുരം, ധൈര്യം, നന്മ, ദയ, മിനുസം

ദ്രവ്യനാമത്തെ പൊതുവായി നാലായി വിഭജിക്കാം:

1. **സംജ്ഞാനാമം:** ഒരു വ്യക്തിയുടെ പേരാണ് സംജ്ഞാനാമം.

   ഉദാ: ശ്രീരാമൻ, ഭാരതം, സൂര്യൻ, ഹിമാലയം, മാമ്പഴം, ഗംഗ, രാമായണം.

2. **സാമാന്യനാമം:** ഒരു ജാതിയുടെയോ, ഒരു വർഗത്തിന്റെയോ പൊതുവായ പേരാണ് സാമാന്യനാമം.

   ഉദാ: മനുഷ്യൻ, പക്ഷി, പുസ്തകം, രാജ്യം, നദി, നഗരം, പേന, വൃക്ഷം.

3. **മേയനാമം:** വ്യക്തിയെന്നോ വർഗമെന്നോ വേർതിരിക്കുവാൻ കഴിയാത്തവയുടെ പേരാണ് മേയനാമം.


   ഉദാ: മഞ്ഞ്, പാൽ, വായു, മണ്ണ്, വെയിൽ, ഇരുട്ട്, തീയ്, വെള്ളം

4. **സർവനാമം:** ഒരു നാമത്തിനു പകരം ഉപയോഗിക്കുന്ന നാമതുല്യമായ പദമാണ് സർവനാമം.

   ഉദാ: ഞാൻ, നിങ്ങൾ, അവൻ, അത്.

സർവ്വനാമം പ്രധാനമായും മൂന്നു വിധം:

1. **ഉത്തമപുരുഷൻ:** പറയുന്ന ആളിന് പകരം നില്ക്കുന്നത് ഉത്തമപുരുഷനാമം. ഉദാ:- ഞാൻ, ഞങ്ങൾ, എൻ, നാം.
2. **മധ്യമപുരുഷൻ:** കേൾക്കുന്ന ആളിന് പകരം നില്ക്കുന്നത് മധ്യമപുരുഷസർവനാമം. ഉദാ: നീ, നിങ്ങൾ, താങ്കൾ.



3. **പ്രഥമപുരുഷൻ:** വക്താവും ശ്രോതാവും കൂടാതെ പരാമർശിക്കപ്പെടുന്ന ആളോ വസ്തുവോ ആണ് പ്രഥമപുരുഷസർവനാമം. ഉദാ: അവൻ, അവർ, അത്, അദ്ദേഹം.

**ക്രിയ**

ഒരു പ്രവർത്തിയെയോ സ്ഥിതിയെയോ കുറിക്കുന്ന ശബ്ദമാണ് ക്രിയ. ക്രിയയെ കൃതി എന്നും പറയും.

**1. സകർമകം : അകർമകം**

ക്രിയയുടെ അർഥം അടിസ്ഥാനമാക്കിയുള്ള വിഭജനമാണിത്. അർഥം പൂർണമാകുവാൻ കർമത്തിന്റെ ആകാംക്ഷ ആവശ്യമുള്ള ക്രിയ സകർമകം. കർമം ആവശ്യമില്ലാത്തത് അകർമകം.

ഉറങ്ങുന്നു, ഒഴുകുന്നു (അകർമകം), ലാളിക്കുന്നു, അടിക്കുന്നു (സകർമകം)

**2. കേവലം : പ്രയോജകം**

ക്രിയകളുടെ പ്രകൃതി (സ്വഭാവം) അടിസ്ഥാനമാക്കിയുള്ള വിഭജനം. പരപ്രേരണയോടു കൂടെ നടക്കുന്ന ക്രിയ പ്രയോജകം. പരപ്രേരണ കൂടാതെ നടക്കുന്നത് കേവലം. നടക്കുന്നു, കാണുന്നു (കേവലം), നടത്തുന്നു, കാട്ടുന്നു (പ്രയോജകം)

**3. കാരിതം : അകാരിതം**


കേവലക്രിയകളുടെ രൂപത്തെ അടിസ്ഥാനമാക്കിയുള്ള വിഭജനം. കോവലക്രിയകളിൽ 'ക്കു' എന്ന ഇടനില ഉള്ളത് കാരിതം. ഇല്ലാത്തത് അകാരിതം. കേൾക്കുന്നു, പഠിക്കുന്നു (കാരിതം), പറയുന്നു, എഴുതുന്നു (അകാരിതം)

**4. മുറ്റുവിന : പറ്റുവിന**

ക്രിയകളുടെ പ്രാധാന്യം അടിസ്ഥാനമാക്കിയുള്ള വിഭജനം. സ്വതന്ത്രമായി നിൽക്കുന്ന ക്രിയ മുറ്റുവിന (പൂർണക്രിയ), മറ്റേതെങ്കിലും പദത്തിനു കിഴടങ്ങി (ആശ്രയിച്ച്) നില്ക്കുന്ന ക്രിയ പറ്റുവിന (അപൂർണ ക്രിയ). പറഞ്ഞു, ഇരുന്നു (മുറ്റുവിന), പറഞ്ഞ, ഇരുന്ന (പറ്റുവിന)

**5. പേരെച്ചം : വിനയെച്ചം**

പറ്റുവിനയുടെ സ്വഭാവം അടിസ്ഥാനമാക്കിയുള്ള വിഭജനം. പേരിന്റെ (നാമത്തിന്റെ) എച്ചം (അംഗം) പേരെച്ചം, വിനയുടെ (ക്രിയയുടെ) എച്ചം (അംഗം) വിനയെച്ചം.



പാടുന്ന കുട്ടി, പറഞ്ഞ കാര്യം (പേരെച്ചം) തൊഴാൻ പോയി, കാണാൻ വന്നു (വിനയെച്ചം)

വിനയെച്ചത്തിന് അഞ്ചു വിഭാഗങ്ങളു ്. മുൻവിനയെച്ചം, പിൻവിനയെച്ചം, തൻവിനയെച്ചം, നടുവിനയെച്ചം, പാക്ഷികവിനയെച്ചം.


**ഭേദകം (വിശേഷണം)**

മറ്റു പദങ്ങളുടെ അർത്ഥത്തെ വിശേഷിപ്പിക്കുന്ന ശബ്ദമാണ് ഭേദകം. ഭേദിപ്പിക്കുക എന്നാൽ വിശേഷിപ്പിക്കുക എന്നാണർത്ഥം. ഒരു വിശേഷണം ഏതു പദത്തെ വിശേഷിപ്പിക്കുന്നുവോ ആ പദത്തെ വിശേഷ്യം എന്നു പറയുന്നു.

| **വിശേഷണം** | **വിശേഷ്യം** |
|---|---|
| ചുവന്ന | പൂവ് |
| മധുരമായ | പാട്ട് |
| വെളുത്ത | വസ്ത്രം |
| നാനാ | ജനങ്ങൾ |

**വിശേഷണ വിഭാഗങ്ങൾ**

1. **ശുദ്ധം:** പദങ്ങളുടെ പ്രകൃതി (ശുദ്ധരൂപം) വിശേഷണമായി വരുന്നത് ശുദ്ധം. ഉദാ: ചെറു-ചെറുപയർ, ചെം-ചെന്താമര, വാർ-വാർമുകിൽ, തൂ-തൂനിലാവ്.
2. **സാംഖ്യം:** സംഖ്യാശബ്ദം വിശേഷണമായി വരുന്നത് സാംഖ്യം. ഉദാ: നാല് - നാന്മുഖൻ, ഇരു-ഇരുപത്.
3. **സാർവനാമികം:** സർവനാമം വിശേഷണമായി വരുന്നത് സാർവനാമികം. ഉദാ: അ-അവിടം, ഇ-ഇക്കഥ.
4. **പാരിമാണികം:** പരമിാണം അഥവാ അളവിനെ കുറിക്കുന്ന ശബ്ദം വിശേഷണമായി വരുന്നത് പാരിമാണികം. ഉദാ: നാഴി - നാഴി അരി, എത്ര - എത്ര രൂപ.
5. **വിഭാവകം:** വിശേഷണത്തിന്റെ സ്വഭാവഗുണങ്ങളെ വ്യക്തമാക്കുന്ന ശബ്ദം വിശേഷണമായി വരുന്നത് വിഭാവകം. ഉദാ: ധീരത - ധീരയായ വനിത, മിടുക്ക് - മിടുക്കനായ കുട്ടി.
6. **നാമാംഗജം:** നാമാംഗം (പേരെച്ചം) വിശേഷണമായി വരുന്നത് നാമാംഗജം. ഉദാ: പെറ്റ-പെറ്റമ്മ, നീ -നീ താടി.



7. **ക്രിയാംഗജം:** ക്രിയാംഗം (വിനയെച്ചം) വിശേഷണമായി വരുന്നത് ക്രിയാംഗജം. ഉദാ: തല്ലി-തല്ലിക്കൊന്നു, ഊന്നി-ഊന്നിപ്പറഞ്ഞു.

**കൃത്ത് ; തദ്ധിതം**

നാമം, ക്രിയ, വിശേഷണം എന്നിവയിൽ നിന്ന് നാമതുല്യമായ പദങ്ങൾ ഉ ാക്കുവാൻ കഴിയും. ക്രിയകളിൽ നിന്നു ാകുന്ന നാമങ്ങളെ കൃത്തുകൾ എന്നു പറയുന്നു.


| **ക്രിയ** | **കൃത്ത്** |
|---|---|
| കൊയ്യുക | കൊയ്ത്ത് |
| പിടിക്കുക | പിടിത്തം |
| നടക്കുക | നടത്തം |
| ചതിക്കുക | ചതിയൻ |
| കുടിക്കുക | കുടിയൻ |

നാമങ്ങളിൽ നിന്നും ഭേദകങ്ങളിൽ (വിശേഷണങ്ങൾ) നിന്നും ഉ ാകുന്ന നാമങ്ങളെ തദ്ധിതങ്ങൾ എന്നു പറയുന്നു.

| **നാമം/വിശേഷണം** | **തദ്ധിതം** |
|---|---|
| ബുദ്ധി | ബുദ്ധിമാൻ |
| ജനകൻ | ജാനകി |
| പഴയ | പഴമ |
| മ ൻ | മ ത്തരം |
| കറുപ്പ് | കറുമ്പൻ |
| തെക്ക് | തെക്കൻ |
| നൂറ് | നൂറാം |
| നേർ | നേർമ |

**സന്ധി**

വർണങ്ങൾ തമ്മിൽ ചേരുമ്പോൾ ഉ ാകുന്ന മാറ്റമാണ് സന്ധി. പ്രകൃതി പ്രത്യയങ്ങളോ പദങ്ങളോ തമ്മിൽ ചേരുമ്പോൾ പലതരത്തിലുള്ള മാറ്റങ്ങൾ സംഭവിക്കുന്നു. ഉച്ചാരണത്തിലുള്ള സൗകര്യമാണ് ഈ മാറ്റങ്ങൾക്ക് അടിസ്ഥാനം. സന്ധി ചെയ്യുന്ന വർണങ്ങൾക്ക് ഉ ാകുന്ന മാറ്റത്തെ അടിസ്ഥാനമാക്കി മലയാളത്തിലെ സന്ധികളെ 4 ആയി തരംതിരിക്കാം.



1. **ലോപസന്ധി:** വർണങ്ങൾ തമ്മിൽ ചേരുമ്പോൾ ഒരു വർണം ലോപിക്കുന്നത് ലോപസന്ധി. ലോപിക്കുക എന്നാൽ ഇല്ലാതാകുക എന്നർഥം.

ഉദാ: തെല്ല് + ഇട = തെല്ലിട (ഉ് - സംവൃതോകാരം ലോപിച്ചു)

ക    ു + ഇല്ല = ക    ില്ല (ഉകാരം ലോപിച്ചു)

പോയി + ഇല്ല = പോയില്ല (ഇകാരം ലോപിച്ചു)

പച്ച + ഇല = പച്ചില (അകാരം ലോപിച്ചു)

2. **ആഗമസന്ധി:** വർണ്ണങ്ങൾ തമ്മിൽ ചേരുമ്പോൾ ഒരു വർണ്ണം പുതുതായി വരുന്നത് ആഗമസന്ധി. ആഗമിക്കുക എന്നാൽ വരുക എന്നർത്ഥം.

ഉദാ: വെടി + ഉ    = വെടിയു    (യ കാരം ആഗമിച്ചു)

തിരു + ആതിര = തിരുവാതിര (വകാരം ആഗമിച്ചു)

കരി + കുരങ്ങ് = കരിങ്കുരങ്ങ് (ങ കാരം ആഗമിച്ചു)

അ + ഇടം = അവിടം (വ കാരം ആഗമിച്ചു)

3. **ദിത്വസന്ധി:** വർണങ്ങൾ തമ്മിൽ ചേരുമ്പോൾ ഒരു വർണം ഇരട്ടിക്കുന്നത് ദിത്വസന്ധി. ദിത്വം എന്നാൽ ഇരട്ടിക്കൽ എന്നർത്ഥം.

ഉദാ: കാലി + തീറ്റ = കാലിത്തീറ്റ (ത കാരം ഇരട്ടിച്ചു)

വെള്ള + കൊടി = വെള്ളക്കൊടി (ക കാരം ഇരട്ടിച്ചു)

പണി + പുര = പണിപ്പുര (പ കാരം ഇരട്ടിച്ചു)

പച്ച + ചക്ക = പച്ചച്ചക്ക (ച കാരം ഇരട്ടിച്ചു)


ദിത്വം സംഭവിക്കാത്ത സന്ദർഭങ്ങൾ

1. പൂർവപദം കേവലധാതു (ക്രിയയുടെ മൂലരൂപം) ആയാൽ

എരി + തീ = എരിതീ

നിറ + പറ = നിറപറ

കട + കോൽ = കടകോൽ



2. ഉത്തരപദാദിയിലെ വർണം ശിഥിലമായാൽ

മഞ്ഞ + വസ്ത്രം = മഞ്ഞവസ്ത്രം

വന + മാല = വനമാല

വെള്ളി + നാണയം = വെള്ളിനാണയം

കുറിപ്പ്: അനുനാസികം, മധ്യമം, ഘോഷി എന്നീ വ്യഞ്ജനങ്ങളാണ് ശിഥിലങ്ങൾ. മറ്റുള്ളവ ദൃഢങ്ങൾ.

3. ദ്വന്ദ സമാസത്തിൽ

കൈ + കാലുകൾ = കൈകാലുകൾ

രാ + പകൽ = രാപകൽ

അടി + പിടി = അടിപിടി

4. ആദേശസന്ധി: വർണങ്ങൾ തമ്മിൽ ചേരുമ്പോൾ ഒരു വർണം മാറി അതിന്റെ സ്ഥാനത്ത് മറ്റൊരു വർണം വരുന്നത് ആദേശസന്ധി. ആദേശം എന്നാൽ സ്ഥാനം മാറൽ എന്നർത്ഥം.

ഉദാ: കൺ + നീർ = കണ്ണീർ (ന കാരം മാറി ണ കാരം വന്നു)

സത് + ജനം = സജ്ജനം (ത കാരം മാറി ജ കാരം വന്നു)


വരും + കാലം = വരുങ്കാലം (അം (അനുസ്വാരം) മാറി ങ കാരം വന്നു)

മരം + ഇൽ = മരത്തിൽ (അം (അനുസ്വാരം) മാറി ത കാരം വന്നു)

**സമാസം**

വിഭക്തിപ്രത്യയമോ മറ്റേതെങ്കിലും പ്രത്യയമോ കൂടാതെ പദങ്ങളെ കൂട്ടിച്ചേർത്ത് ഒറ്റപ്പദമാക്കുന്നതാണ് സമാസം. സമാസിച്ച പദത്തെ സമസ്തപദം എന്നു പറയുന്നു.

സമസ്തപദത്തെ പ്രത്യടങ്ങളോടെ ഘടകപദങ്ങളാക്കി വേർതിരിക്കുന്ന പ്രക്രിയയാണ് വിഗ്രഹം. വിഗ്രഹിച്ച ഘടകങ്ങളിൽ ആദ്യത്തേത് പൂർവപദം. അവസാനത്തേത് ഉത്തരപദം. നടുവിലത്തേത് മധ്യമപദം. ഘടകപദങ്ങളുടെ പ്രാധാന്യം അനുസരിച്ചാണ് സമാസം നിർണയിക്കുന്നത്.



1. **അവ്യയീഭാവൻ:** ഘടകപദങ്ങളിൽ പൂർവപദത്തിന് പ്രാധാന്യമുള്ളത്. പ്രതിമാസം - മാസംതോറും, അഭിമുഖം - മുഖത്തിനു നേരെ.

2. **തൽപുരുഷൻ:** ഘടകപദങ്ങളിൽ ഉത്തരപദത്തിന് പ്രാധാന്യമുള്ളത്. മുല്ലപ്പൂവ് - മുല്ലയുടെ പൂവ്, കടലാന - കടലിലെ ആന, മരംവെട്ടൽ - മരത്തെ വെട്ടൽ.

3. **കർമധാരയൻ:** ഘടകപദങ്ങളിൽ പൂർവപദം വിശേഷണവും ഉത്തരപദം വിശേഷ്യവുമായി വരുന്നത്. കോമളരൂപം - കോമളമായ രൂപം, നീലമേഘം - നീലയായ മേഘം.

4. **ദ്വിഗുസമാസം:** ഘടകപദങ്ങളിൽ പൂർവപദം സംഖ്യയായി വരുന്നത്. ത്രിമൂർത്തികൾ - മൂന്ന് മൂർത്തികൾ, നാൻമറ - നാല് മറ.

5. **മധ്യമലോപി സമാസം:** ഘടകപദങ്ങളിൽ മധ്യത്തിലുള്ള അർഥസിദ്ധങ്ങളായ പദങ്ങൾ ലോപിക്കുന്നത്. രാത്രിവ ി-രാത്രിയിൽ ഓടുന്ന വ ി, മണ്ണെണ്ണ-മണ്ണിൽ നിന്നെടുക്കുന്ന എണ്ണ.

6. **ദ്വന്ദസമാസം:** ഘടകപദങ്ങൾക്ക് തുല്യപ്രാധാന്യമുള്ളത്. ഗുരുശിഷ്യന്മാർ - ഗുരുവും ശിഷ്യനും, കരചരണം - കരവും ചരണവും, കായ്കനികൾ - കായും കനിയും.

7. **ബഹുവ്രീഹി:** ഘടകപദങ്ങൾക്ക് പ്രാധാന്യമില്ലാത്തതും അവ നല്കുന്ന സൂചനയിലൂടെ മറ്റേതെങ്കിലും അന്യപദത്തിന് പ്രാധാന്യം വരുന്നത്. ഭിക്ഷാർഥി - ഭിക്ഷ അർഥിക്കുന്നവൻ (യാചകൻ), തപോധനൻ - തപസ്സാകുന്ന ധനത്തോടു കൂടിയവൻ (താപസൻ).


8. **നിത്യസമാസം:** ഘടകപദങ്ങളായി വിഗ്രഹിക്കുവാൻ സാധിക്കാത്തത്. തൂനിലാവ്, ചെമ്പരത്തി.

**വിഭക്തി**

മറ്റു പദങ്ങളോടുള്ള ബന്ധം കാണിക്കുന്നതിന് നാമത്തിൽ വരുത്തുന്ന രൂപഭേദമാണ് വിഭക്തി. പ്രത്യങ്ങൾ ചേർത്താണ് രൂപഭേദം വരുത്തുന്നത്. സീത, പുസ്തകം എന്നീ പദങ്ങളെ 'ഉടെ' എന്ന പ്രത്യയം ചേർത്ത് സീതയുടെ പുസ്തകം എന്നു ബന്ധിപ്പിക്കാം. ഇതാണ് വിഭക്തിയുടെ രീതി. മലയാളത്തിൽ ഏഴു വിഭക്തികളു ്. അവയുടെ പേരും പ്രത്യയവും ചുവടെ:

1. **നിർദ്ദേശിക:** നിർദ്ദേശികയ്ക്ക് പ്രത്യയം ഇല്ല. നാമങ്ങളുടെ കേവല രൂപം നിർദ്ദേശികാ വിഭക്തിയിലാണ്.

   ഉദാ: ഞാൻ, ഇന്ത്യ



2. **പ്രതിഗ്രാഹിക:** പ്രത്യയം - എ

ഉദാ: എന്നെ, ഇന്ത്യയെ

3. **സംയോജിക:** പ്രത്യയങ്ങൾ - ഒട്, ഓട്

ഉദാ; എന്നോട്, ഇന്ത്യയോട്

4. **ഉദ്ദേശിക:** പ്രത്യയങ്ങൾ - ഉ്, ക്ക്

ഉദാ: എനിക്ക്, ഇന്ത്യയ്ക്ക്

5. **പ്രയോജിക:** പ്രത്യയം - ആൽ

ഉദാ: എന്നാൽ, ഇന്ത്യയാൽ

6. **സംബന്ധിക:** പ്രത്യയങ്ങൾ - ഉടെ, ന്റെ

ഉദാ: എന്റെ, ഇന്ത്യയുടെ


7. **ആധാരിക:** പ്രത്യയങ്ങൾ - ഇൽ, കൽ

ഉദാ: എന്നിൽ, ഇന്ത്യയിൽ

'നിപ്രസം ഉപ്രസം ആ' എന്ന ചുരുക്കെഴുത്തിലൂടെ വിഭക്തികളുടെ പേര് ക്രമത്തിൽ ഓർത്തു വെക്കാം.

**അപരനാമങ്ങൾ**

| | | |
|---|---|---|
| കേരള ടെന്നിസൺ | - | വള്ളത്തോൾ |
| കേരള കമ്പർ | - | വയലാർ രാമവർമ |
| കേരള കീറ്റ്സ് | - | ചങ്ങമ്പുഴ |
| കേരള ഷെല്ലി | - | ചങ്ങമ്പുഴ |
| കേരള ഓർഫ്യൂസ് | - | ചങ്ങമ്പുഴ |
| കേരള കാളിദാസൻ | - | കേരള വർമ വലിയകോയിത്തമ്പുരാൻ |
| കേരള പാണിനി | - | എ.ആർ രാജരാജവർമ |
| കേരള ഇബ്സൺ | - | എൻ. കൃഷ്ണപിള്ള |
| ഇന്ത്യൻ ഷേക്സ്പിയർ | - | കാളിദാസൻ |



| | | |
|---|---|---|
| കേരള ഷേക്സ്പിയർ | - | വി.എസ്. ആൻഡ്രൂസ് |
| കേരള ഹെമിങ്‌വേ | - | എം.ടി. വാസുദേവൻ നായർ |
| കേരള മോപ്പസാങ് | - | തകഴി |
| കേരള സ്പെൻസർ | - | നിരണത്ത് രാമപ്പണിക്കർ |
| കേരള വ്യാസൻ | - | കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ |
| കേരള ക്രൂഷ്ചേവ് | - | എം.എം. ഗോവിന്ദൻ നായർ |
| കേരള ജവഹർ | - | കോട്ടൂർ കുഞ്ഞികൃഷ്ണപിള്ള |
| കേരള സുഭാഷ് | - | മുഹമ്മദ് അബ്ദുൾ റഹിമാൻ |
| കേരള മാർക്സ് | - | കെ. ദാമോദരൻ |
| കേരള കിസിഞ്ചർ | - | ബേബി ജോൺ |
| കേരള ചോസർ | - | ചീരാമകവി |
| കേരള ഹോമർ | - | അയ്യപ്പിള്ള ആശാൻ |
| കേരള സ്കോട്ട് | - | സി.വി. രാമൻപിള്ള |
| കേരള തുളസീദാസ് | - | വെണ്ണിക്കുളം ഗോപാലക്കുറുപ്പ് |
| കേരള സൂർദാസ് | - | പൂന്താനം |

**വൃത്തം**

**ഛന്ദസ്സ്:** ഒന്നു മുതൽ 26 മാത്രകൾ ഉള്ളതിനെ ഛന്ദസ്സ് എന്നു പറയുന്നു.

**ദണ്ഡകം:** 26ൽ അധികം വരുന്നതിനെ ദണ്ഡകം എന്നു പറയുന്നു.

വൃത്തത്തെക്കുറിച്ച് ആധികാരികമായി പറയുന്ന ഗ്രന്ഥമാണ് എ.ആർ രാജരാജവർമയുടെ വൃത്തമഞ്ജരി.

അലങ്കാരങ്ങളുടെ റാണി എന്നറിയപ്പെടുന്നത് ഉപമ.

ഉപമ, സംയോക്തി വിഭാഗത്തിൽ പെടുന്നു.

ഒരു ശബ്ദത്തിന് ര ർത്ഥം കൽപിക്കുന്ന അലങ്കാരമാണ് ശ്ലേഷം. ഉദാ:- കനകം.

നാലു പാദങ്ങളിലും ഒരേ ഗണവ്യവസ്ഥ വരുന്ന വൃത്തം സമവൃത്തം.

ഗദ്യവും പദ്യവും ഇടകലർന്ന കാവ്യരൂപമാണ് ചമ്പു.

ഗംസ്കൃതവും മലയാളവും ഇടകലർന്ന സാഹിത്യഭാഷ - മണിപ്രവാളം.

ചമ്പുക്കളിലെ ഗദ്യം എഴുതാൻ ഉപയോഗിക്കുന്ന വൃത്തം - ദണ്ഡകം.

സന്ദേശവൃത്തം - സന്ദേശകാവ്യങ്ങൾ, മന്താക്രാന്ത വൃത്തമാണ്.

കിളിപ്പാട്ട് വൃത്തം - കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ വൃത്തം - കാകളി

തുള്ളൽ പാട്ടുകൾ - തരംഗിണി വൃത്തം

വഞ്ചിപ്പാട്ട് - രാമപുരത്ത് വാര്യർ - നതോന്നത വൃത്തം

പാനവൃത്തം - ദ്രുതകാകളി

വിലാപവൃത്തം - വിയോഗിനി

ഗാഥവൃത്തം - മജ്ഞരി

കേരളപ്രാസം - ദ്വിതീയാക്ഷരപ്രാസം

**ഉപജ്ഞാതാക്കൾ**

പച്ചമലയാള പ്രസ്ഥാനം - കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ

മലയാളത്തിലെ ആദ്യപാട്ട് - രാമചരിതം - ചീരാമകവി

ആദ്യത്തെ തുള്ളൽപാട്ട് - കല്യാണസൗഗന്ധികം

ആദ്യത്തെ മണിപ്രവാളം - വൈശിക തന്ത്രം

ആദ്യത്തെ സന്ദേശം - ഉണ്ണുനീലി സന്ദേശം

ആദ്യത്തെ ചമ്പു - ഉണ്ണിയച്ചി ചരിതം - ദേവൻ, ശ്രീകുമാരൻ

മലയാളത്തിലെ ആദ്യ ഖണ്ഡകാവ്യം - മലയവിലാസം - എ. ആർ. രാജരാജവർമ

ആദ്യമഹാകാവ്യം - രാമചന്ദ്രവിലാസം - അഴകത്ത് പദ്മനാഭക്കുറുപ്പ്

ആദ്യത്തെ പച്ചമലയാളം - നല്ല ഭാഷ - കുഞ്ഞിക്കുട്ടൻ തമ്പുരാൻ


ആദ്യത്തെ വിലാപകാവ്യം - ഒരു വിലാപം - സി.എസ്. സുബ്രഹ്മണ്യൻ പോറ്റി

ആദ്യത്തെ ഗ്രാമീണ വിലാപകാവ്യം - ചങ്ങമ്പുഴയുടെ രമണൻ

ആദ്യത്തെ വഞ്ചിപ്പാട്ട് - കുചേലവൃത്തം - രാമപുരത്ത് വാര്യർ

ആദ്യത്തെ ചെറുകഥ - വാസനാവികൃതി - വേങ്ങയിൽ കുഞ്ഞിരാമൻ നായർ

ആദ്യത്തെ നോവൽ - കുന്ദലത- അപ്പു നെടുങ്ങാടി



ആദ്യത്തെ അപസർപ്പക നോവൽ - ഭാസ്ക്കരമേനോൻ - അപ്പൻ തമ്പുരാൻ

ആദ്യത്തെ ചരിത്ര നോവൽ - അക്ബർ - കേരള വർമ വലിയകോയിത്തമ്പുരാൻ

ആദ്യത്തെ രാഷ്ട്രീയ നോവൽ - പാറപ്പുറം- കെ. നാരായണഗുരുക്കൾ

ആദ്യത്തെ ഹാസ്യനോവൽ - പരങ്ങോടി പരിണയം - ഇറക്കേപ്പാട്ട് രാമൻകുട്ടി മേനോൻ

ആദ്യത്തെ കുറ്റാന്വേഷണ നോവൽ - കനകം മൂലം - മൂർക്കോത്ത് കുമാരൻ

ആദ്യത്തെ സഞ്ചാര സാഹിത്യം - വർത്തമാന പുസ്തകം - പാറമേക്കൽ തോമ കത്തനാർ

ആദ്യത്തെ ബാലസാഹിത്യം - ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം, ഇംഗ്ലീഷിൽ നിന്ന് തർജ്ജമ ചെയ്തത് ബെഞ്ചമിൻ ബെയലി


മലയാളത്തിൽ അച്ചടിച്ച ആദ്യഗ്രന്ഥം - സംക്ഷേപവേദാർത്ഥം

ആദ്യ ജീവചരിത്രം - വിശുദ്ധ ത്രേസ്യയുടെ ചരിത്ര സംക്ഷേപം, മർമിനോസ് പുരോഹിതൻ

ആദ്യത്തെ ആത്മകഥ - കെ. രാമകൃഷ്ണപിള്ളയുടെ എന്റെ നാടുകടത്തൽ

**കഥാപാത്രങ്ങളും കഥകളും**


| **കഥാപാത്രം** | | **കഥ** |
|---|---|---|
| ചെമ്പൻകുഞ്ഞ് | - | ചെമ്മീൻ |
| അപ്പുക്കിളി | - | ഖസാക്കിന്റെ ഇതിഹാസം |
| ക്ലാസിപ്പേർ കൊച്ചുപിള്ള | - | കയർ |
| ചുടലമുത്തു | - | തോട്ടിയുടെ മകൻ, തകഴി |
| മായൻ | - | ഉമ്മാച്ചു |
| അപ്പുണ്ണി | - | നാലുകെട്ട് |
| ദാസൻ | - | മയ്യഴിപ്പുഴയുടെ തീരത്ത്, എം. മുകുന്ദൻ |
| അൽഫോൻസച്ചൻ | - | ദൈവത്തിന്റെ വികൃതികൾ |
| കുട്ടൻ | - | മരുഭൂമികൾ ഉ  ാകുന്നത്, ഒ.വി. വിജയൻ |
| ഇരുമ്പൻ ഗോവിന്ദൻനായർ | - | സുന്ദരികളും സുന്ദരന്മാരും |
| ശിവാനി | - | ഗുരുസാഗരം |
| അള്ളാപിച്ച മൊല്ലാക്ക | - | ഖസാക്കിന്റെ ഇതിഹാസം |
| വട്ടനടിമ | - | ന്റുപ്പൂപ്പാക്കൊരാനേ  ാർന്നു |



| | | |
|---|---|---|
| വൈത്തിപ്പട്ടർ | - | ശാരദ, ഒ. ചന്തുമേനോൻ |
| അനന്തപദ്മനാഭൻ | - | മാർത്താണ്ഡവർമ്മ |
| ചന്ത്രക്കാരൻ | - | ധർമ്മരാജ |

**തൂലികാനാമങ്ങൾ**


| | | |
|---|---|---|
| അക്കിത്തം | - | അച്യുതൻ നമ്പൂതിരി |
| ഒളപ്പമണ്ണ | - | സുബ്രഹ്മണ്യൻ നമ്പൂതിരി |
| ഉറൂബ് | - | പി.സി. കുട്ടികൃഷ്ണൻ |
| വിലാസിനി | - | എം.കെ. മേനോൻ |
| സഞ്ജയൻ | - | എം.ആർ നായർ |
| കോവിലൻ | - | വി.വി. അയ്യപ്പൻ |
| നന്തനാർ | - | പി.സി. ഗോപാലൻ |
| തിക്കോടിയൻ | - | കുഞ്ഞനന്തൻ നായർ |
| മാലി | - | വി. മാധവൻ നായർ |
| കൽക്കി | - | ആർ കൃഷ്മമൂർത്തി |
| കാക്കനാടൻ | - | ജോർജ്ജ് വർഗ്ഗീസ് |
| കുഞ്ഞുണ്ണി മാഷ് | - | അതിയാരത്ത് കുഞ്ഞുണ്ണി നായർ |
| വി.കെ.എൻ | - | വി.കെ. നാരായണൻകുട്ടി |
| എൻ.എൻ. കക്കാട് | - | നാരായണൻ നമ്പൂതിരി |
| മുല്ലനേഴി | - | നീലകണ്ഠൻ തിരുമേനി |
| പ്രേംജി | - | എം. പരമേശ്വരൻ ഭട്ടതിരിപ്പാട് |
| ഏകലവ്യൻ | - | കെ.എം. മാത്യൂസ് |
| വൈശാഖൻ | - | എം.കെ. ഗോപിനാഥൻ നായർ |
| ശത്രുഘ്നൻ | - | വി. ഗോവിന്ദൻ കുട്ടി മേനോൻ |
| പവനൻ | - | പി.വി. നാരായണപിള്ള |
| പമ്മൻ | - | ആർ. പരമേശ്വരൻ നായർ |
| അയ്യനേത്ത് | - | എ.പി. പത്രോസ് |



| | | |
|---|---|---|
| ഓംചേരി | - | എൻ. നാരായണപിള്ള |
| ആഷാ മേനോൻ | - | കെ. ശ്രീകുമാർ |
| സുരാസു | - | ബാലഗോപാലൻ |
| സുമംഗല | - | ലീല നമ്പൂതിരിപ്പാട് |
| തുളസീവനം | - | ആർ രാമചന്ദ്രൻ നായർ |
| സീതാരാമൻ | - | പി. ശ്രീധരൻ പിള്ള |
| സുചിത്ര | - | മങ്കൊമ്പ് ഗോപാലകൃഷ്ണൻ |
| വേദബന്ധു | - | സി.ആർ ദാസ് |
| ഇന്ദുചൂഢൻ | - | കെ.കെ. നീലകണ്ഠൻ |
| കൃഷ്ണചൈതന്യ | - | കെ.കെ. നായർ |
| ചെറുകാട് | - | ഗോവിന്ദ പിഷാരടി |
| കോഴിക്കോടൻ | - | കെ. അപ്പുക്കുട്ടൻ നായർ |
| അഭയദേവ് | - | അയ്യപ്പൻ പിള്ള |
| ജയദേവൻ | - | പി. ജനാർദ്ദനമേനോൻ |
| ആറ്റൂർ | - | ആറ്റൂർ കൃഷ്ണപിഷാരടി |
| എം.പി. അപ്പൻ | - | എം. പൊന്നപ്പൻ |
| പാല | - | പാലാ നാരായണൻ നായർ |

**തർജ്ജമകൾ**

| | | |
|---|---|---|
| ഋഗ്വേദം | - | വള്ളത്തോൾ |
| രാമായണം | - | വള്ളത്തോൾ |
| മഹാഭാരതം | - | കുഞ്ഞിക്കുട്ടൻ തമ്പുരാൻ |
| നാട്യശാസ്ത്രം | - | നാരായണ പിഷാരടി |
| തൊൽകാപ്പിയം | - | എസ്.ജി. സുബ്രഹ്മണ്യൻ പിള്ള |
| തിരുക്കുറൾ | - | എസ്. രമേശൻ നായർ |
| ഹോർത്തൂസ് മലബാറിക്കസ് | - | ഡോ. കെ.എസ്. മണിലാൽ |
| അഭിജ്ഞാന ശാകുന്തളം | - | കേരളവർമ വലിയകോയിത്തമ്പുരാൻ |



| | | |
|---|---|---|
| ബൈബിൾ | - | ബെഞ്ചമിൻ ബെയ്ലി |
| ഖുറാൻ | - | കണ്ണൂർ മായൻകുട്ടി എളയ |
| ഭഗവദ്ഗീത | - | മാധവപ്പണിക്കർ |

**പ്രസിദ്ധകൃതികളുടെ നാമാന്തരങ്ങൾ**

| | | |
|---|---|---|
| അഞ്ചാംവേദം | - | മഹാഭാരതം |
| ആദികാവ്യം | - | മഹാഭാരതം |
| ദ്രാവിഡവേദം | - | തിരുവായ്മൊഴി |
| ലൗകിക നിഘ ു | - | അമരകോശം |
| ഷഡ്സാഹസ്രി | - | നാട്യശാസ്ത്രം |
| കേരളാരാമം | - | ഹോർത്തൂസ് മലബാറിക്കസ് |
| കൃഷ്ണപ്പാട്ട് | - | കൃഷ്ണഗാഥ |
| ഗീതാപ്രബന്ധം | - | ഗിരിജാകല്യാണം |
| പ്രകൃതികാവ്യം | - | മലയാം കൊല്ലം |
| കേരളശാകുന്തളം | - | നളചരിതം ആട്ടക്കഥ |
| ക്രൈസ്തവമഹാഭാരതം | - | വേദവിഹാരം |
| പ്രേമോപനിഷത്ത് | - | പ്രേമസംഗീതം |
| സീതായനം | - | ചിന്താവിഷ്ടയായ സീത |
| മു ക്കൽ സന്ദേശം | - | ഉണ്ണുനീലി സന്ദേശം |
| വ്യവഹാരമാല | - | ശാരദ |
| നായർ മഹാകാവ്യം | - | ധർമ്മരാജ |
| അഞ്ചടി കവിത | - | ദുരവസ്ഥ |